File No.EXC/3209/2019-XE9

52-70|22

കേരള എക്സൈസ് വകുപ്പ്
"മാതൃഭാഷ-മലയാളം"

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 21/01/2020
ഇ-മെയിൽ : ecoffice.exc@kerala.gov.in
ഫോൺ:0471-2332632

## സർക്കുലർ നം-EXC2/2020/EXCISE

വിഷയം: സാമൂഹ്യ മാധ്യമങ്ങളിൽ (Social Media) എക്സൈസ് ഉദ്യോഗസ്ഥർ വ്യക്തിപരമായി ഇടപെടുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : 1. 31.01.2017 ലെ 78/ഉ.പ.സി.2/2017/ഉ.ഭ.പ.വ. നമ്പർ സർക്കുലർ.
2. 23.04.2016 ലെ ഈ ഓഫീസിലെ XE5-1916/16 നമ്പർ സർക്കുലർ.

വനിതാ എക്സൈസ്, ജീവനക്കാർ ഉൾപ്പെടെ എക്സൈസ് ഉദ്യോഗസ്ഥർ അംഗങ്ങളായുള്ള വിവിധ പേരുകളിലുള്ള വാട്സാപ്പ് ഗ്രൂപ്പുകളിൽ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റച്ചട്ടങ്ങൾക്ക് വിരുദ്ധമായതും അനുചിതവും അനാവശ്യവുമായ മെസ്സേജുകൾ പോസ്റ്റ് ചെയ്യുന്നതായും പ്രചരിപ്പിക്കുന്നതായും ആയത് അച്ചടക്ക നടപടി കളിലേയ്ക്കും എത്തുന്നതായും തൽഫലമായി ഡിപ്പാർട്ട്മെന്റിന്റെ അന്തസ്സിന് കോട്ടം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടങ്ങളിലെ ചട്ടം 60 (എ) ലംഘിച്ചുകൊണ്ട് സർക്കാർ ജീവനക്കാർ സാമൂഹ്യ മാധ്യമങ്ങളിലൂടെയും ദൃശ്യ -ശ്രാവ്യ മാധ്യമങ്ങളിലൂടെയും സർക്കാർ നയങ്ങളെയും നടപടികളെയും കുറിച്ച് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ അഭിപ്രായപ്രകടനം നടത്തുന്നതായി ശ്രദ്ധയിൽപ്പെ ടുകയോ പരാതി ലഭിക്കുകയോ ചെയ്യുന്ന പക്ഷം മേലധികാരി ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കേണ്ടതാണെന്ന് പരാമർശം(1) പ്രകാരം സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ സാമൂഹ്യ മാധ്യമങ്ങളിൽ (Social Media) എക്സൈസ് സേനാംഗങ്ങൾ വ്യക്തിപരമായി ഇടപെടുമ്പോൾ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സൂചന(2) പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ ജനപ്രതിനിധികളെയോ, ഭരണഘടനാ പദവിയിലിരി ക്കുന്നവരെയോ, സർക്കാർ നയത്തെയോ, സർക്കാർ നയപരിപാടികളെയോ സർക്കാർ ഉദ്യോഗസ്ഥരുടെ പെരുമാറ്റ ചട്ടങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യമാധ്യമങ്ങളിലൂടെ

(Facebook, Whats App, Instagram etc.,) വിമർശിച്ച് കൊണ്ട് മെസ്സേജുകൾ ( Text, Audio, Video ) പോസ്റ്റ് ചെയ്യുകയോ, പ്രചരിപ്പിക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ വകുപ്പിന്റെയോ , വകുപ്പിലെ ജീവനക്കാരുടെയോ അന്തസ്സിനെ ഹനിക്കുന്നതോ , അവഹേളിക്കുന്നതോ ആയ മെസ്സേജുകൾ സാമൂഹ്യമാധ്യമങ്ങളിലൂടെ അയക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യരുതെന്ന് കർശനനിർദേശം നല്കുന്നു.

മേൽ നിർദ്ദേശങ്ങൾക്കും സൂചന പരിപത്രങ്ങളിലെ നിർദ്ദേശങ്ങൾക്കും വിരുദ്ധമായ കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിന്മേൽ ആവശ്യമായ നിയമനടപടികൾക്ക് പുറമേ വകുപ്പ്തല അച്ചടക്ക നടപടികളും സ്വീകരിക്കുന്നതാണ്. എക്സൈസ് ഉദ്യോഗസ്ഥരുടെ സാമൂഹ്യ മാധ്യമങ്ങളിലെ ഏതെങ്കിലും തരത്തിലുള്ള നിയമവിരുദ്ധ നടപടികൾ ശ്രദ്ധയിൽപ്പെട്ടാൽ അതാത് ജോയിന്റ് എക്സൈസ് കമ്മീഷണർ/ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാർ അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

S. AANANTHAKRISHNAN IPS

Signature valid
Digitally signed by AANANTHAKRISHNAN S
Date 2020.01.21 13:27
Reason: Approved

എക്സൈസ് കമ്മീഷണർ

പകർപ്പ്

1)അഡീഷണൽ എക്സൈസ് കമ്മീഷണർ(ഭരണം,എൻഫോഴ്സ്മെന്റ്).
2)വിജിലൻസ് ഓഫീസർ, എക്സൈസ്
3)ജോയിന്റ് എക്സൈസ് കമ്മീഷണർ(എല്ലാം).
4) പ്രിൻസിപ്പാൾ SEARC തൃശ്ശൂർ.
5) ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ(എല്ലാം).
6)ലോ ഓഫീസർ/ഫിനാൻസ് ഓഫീസർ/അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
7) എക്സൈസ് കമ്മീഷണറുടെയും/ അഡീഷണൽ എക്സൈസ് കമ്മീഷണറുടെയും സി.എ.
8) എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
9) സർക്കുലർ ഫയൽ/ഉത്തരവ് ഫയൽ.